# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.8)1738/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.8)1738/2023 തീയ്യതി: 02/12/2023

## തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 05-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 13-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 13-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.നിർമ്മൽ. കെ.ജി,ഓഡിറ്റ് ഓഫീസർ

ശ്രീമതി.പ്രവിദ.പി.എ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.രഞ്ജിത്ത് പി.ആർ ,ഓഡിറ്റർ

ശ്രീ.കൃഷ്ണരാഹുൽ എം ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനിത.എം.എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത കെ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 19-04-2022 |
| ശ്രീ.ഗിരീഷ് ചന്ദ്രൻ.കെ | സെക്രട്ടറി | 20-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീലത കെ.എ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ധന്യ. എം. എസ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. രശ്മി.എസ് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷിസ ഉല്ലാസ് | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി.ദീപ ജോണി | കൃഷി ഓഫീസർ | 30-07-2022 | 29-09-2022 |
| ശ്രീമതി.അശ്വതി.ജി.പ്രസാദ് | കൃഷി ഓഫീസർ | 30-09-2022 | 29-12-2022 |
| ശ്രീ.രാഹുൽ കൃഷ്ണ | കൃഷി ഓഫീസർ | 30-12-2022 | 31-03-2023 |
| ഡോ. സുനിൽകുമാർ അരവിന്ദ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. വിമിക്സൺ. വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-06-2022 |
| ശ്രീ.ആൽവിൻ.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2022 | 31-03-2023 |
| ശ്രീമതി ജിംസി. സി. ജോസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിബിന.എം.എം. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലേഖ. വി. വി | വി. ഇ. ഒ മേലൂർ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലിഷ മോഹൻ. ഐ | വി. ഇ. ഒ കുന്നപ്പിള്ളി സർക്കിൾ | 01-04-2022 | 06-11-2022 |
| ശ്രീമതി.വഹീദ ബീവി.പി.എ | വി. ഇ. ഒ കുന്നപ്പിള്ളി സർക്കിൾ | 07-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല | 1-1-2 |
| 4 | സംസ്ഥാനാവിഷ്കൃത ഫണ്ട്-ചെലവിനത്തിൽ 1,30,000 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ– ശീർഷകം തെറ്റിയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിയിനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | സംയുക്ത പ്രൊജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം- വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-6 |
| 8 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-7 |
| 9 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-9 |
| 11 | Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-10 |
| 12 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ–വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2022-23 വർഷം ഈയിനത്തിൽ ക്രമീകരിച്ചു | 1-1-12 |
| 14 | വസ്തുനികുതി അഡ്വാൻസ് തുക ആധികാരിക വൗച്ചറുകൾ ഇല്ലാതെ സാങ്കൽപ്പികമായി വർദ്ധിപ്പിക്കുന്നു | 1-1-13 |
| 15 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല | 1-1-14 |
| 16 | വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-16 |
| 18 | വാർഷിക കണക്കുകൾ പ്രകാരമുള്ള ക്ലോസിംഗ് സ്റ്റോക്കും രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | ഫണ്ട് വിനിയോഗം | 1-3 |
| 21 | പദ്ധതി അവലോകനം | 1-4 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 23 | ക്ഷേമപദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-6 പ്രകാരമുള്ളത്) | 1-6 |
| 24 | ക്യാഷ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം | 1-9 |
| 27 | കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-10 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 29 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 30 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| 31 | വസ്തുനികുതി -മേഖല നിർണ്ണയം -അപാകതകൾ | 1-14 |
| 32 | വസ്തു നികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ | 1-15 |
| 33 | ആയുർ പത്മസുബ്രം ആയുർവേദ ടീറ്റ്മെൻറ് സെൻ്ററിൻ്റെ വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ | 1-16 |
| 34 | പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-17 |
| 35 | മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കാത്തതുമൂലം പെൻഷൻ തുകയിനത്തിൽ സർക്കാരിന് നഷ്ടം സംഭവിക്കുന്നു | 1-18 |
| 36 | കണ്ടിജൻ്റ് ചെലവുകൾ-മുൻകൂർ തുക നൽകിയത് ക്രമീകരിച്ചിട്ടില്ല | 1-19 |
| 37 | റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ് | 1-20 |
| 38 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-21 |
| 39 | വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം- തുക അധികം നൽകി-37340/- രൂപ തിരിച്ചടയ്ക്കേണ്ടതാണ് | 1-22 |
| 40 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ– അധികം നൽകിയ 3360/-തുക തിരിച്ചടയ്ക്കേണ്ടതാണ് | 1-23 |
| 41 | MGNREGS കോൺക്രീറ്റ് പ്രവൃത്തികൾ - കരാറുകാരന് സിമൻ്റ്, ക്വാറി വേസ്റ്റ് ഇനത്തിൽ മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചു | 1-24 |
| 42 | ലൈഫ് മിഷൻ ലോൺ: ആകെ ലഭ്യമായ തുകയേക്കാൾ 3683/-രൂപ അധികമായി തിരിച്ചടച്ചു | 1-25 |
| 43 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-26 |
| 44 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 45 | വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല. | 1-28 |
| 46 | എച്ച് എം സി കണക്കുകൾ ഓഡിറ്റിന് സമർപ്പിയ്ക്കേണ്ടതാണ് | 1-29 |
| 47 | മഴക്കാല പൂർവ ശുചീകരണം-ചെലവുരേഖകളില്ല-1,70,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 48 | വക്കീൽ ഫീസ് നൽകിയതിൽ ടി ഡി എസ് കറവ് ചെയ്തിട്ടില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം- തുക അധികം നൽകി-37340/- രൂപ തിരിച്ചടയ്ക്കേണ്ടതാണ് | 3-1 |
| 2 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ–അധികം നൽകിയ 3360/-തുക തിരിച്ചടയ്ക്കേണ്ടതാണ് | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാൻ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷികകണക്ക് സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.07.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മേലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 02.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം അലോപ്പതി, ഹോമിയോപ്പതി മരുന്നുകൾ വാങ്ങുന്നതിന് യഥാക്രമം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും മരുന്ന് ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം

മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | തുക | വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 09/23- പെയിൻ - പാലിയേറ്റീവ് പ്രൊജക്ട് | 100000 | 42201244/ 19.12.2022 | 251110501 Health Related Activties-Palliative Care |
| | | 99990 | 42201301/ 02.03.2023 | 251110501 Health Related Activties-Palliative Care |
| 2 | 10/23- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 2,00,000 | 42201212/ 03.09.22 | 251110208-Medical Institution-Homoeo-Purchase Of Medicines In Health Institutions |
| 3 | 13/23- കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 536505 | 42201226/ 23.11.22 | 251110008 \| Medical Institution-Alloppathy-Purchase Of Medicines For Hospitals |

### 1-1-2 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് തത്വങ്ങൾ പ്രകാരം ( GO (Ms) No. 152/2011/Lsgd Dtd 26/07/2011) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് സ്ഥിരാസ്തികൾ നിർമ്മിക്കുമ്പോഴോ ആർജ്ജിക്കുമ്പോഴോ ആ ആസ്തിക്ക് തുല്യമായ മൂല്യം ബാധ്യതയിൽ നിന്നും കുറയേണ്ടതും അത്രയും തുക കാപ്പിറ്റൽ വരവായി കണക്കാക്കേണ്ടതും ആ തുക പ്രത്യേക ഫണ്ടിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതുമാണ്. 31/03/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (69306734/-) 31/03/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.

2022-23 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ മുഖേന ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ആസ്തി ആർജ്ജിച്ചിട്ടുണ്ടെങ്കിലും തത്തുല്യമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നമ്പരും പേരും | വാർഷിക കണക്ക് പ്രകാരം ചെലവഴിച്ച | വൗച്ചർനം./ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തുക | | | |
| 02/23- സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയൽ വാങ്ങൽ | ₹3996896/- | 22200466/ 29.09.22 | 79828+1376 (GST) | 252100003 \| Street Lights, Maintenance,and Purchase Of Related Equipments |
| | | 22200584/ 05.11.22 | 3659104+6192(GST) | |
| | | 22200921/ 25.02.23 | 246152+4244 (GST) | |

## 1-1-3 സംസ്ഥാനാവിഷ്കൃത ഫണ്ട്-ചെലവിനത്തിൽ 1,30,000 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ 890000/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. എന്നാൽ വാർഷികകണക്കുകളിൽ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ ഐ-6 പ്രകാരം (ശീർഷകം- 160100720- Housing Grant) 760,000/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 130000 രൂപയുടെ ചെലവ് വാർഷിക കണക്കിൽ വന്നിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട ബാധ്യതാ ശീർഷകത്തിൽ 130000 രൂപ കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-4 ഡെപ്പോസിറ്റ് പ്രവൃത്തികൾ- ശീർഷകം തെറ്റിയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിയിനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. തെറ്റായി രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ക് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്നശീർഷകം |
|---|---|---|---|---|---|
| 1 | 1/23- Street Line Extension | 42200564/ 29.11.22 | 1525209/- | 415100001 | 460500202- Advance To Implementing Agencies- Deposit With Kerala State Electricity Board |
| | | 42201173/ 26.11.22 | 260821/- | 414200001 | |
| 2 | 211/23- കുവക്കാട്ടുകുന്ന് ശ്രീപുരം- | 42201129/ 03.02.2023 | 29,155/- | 251200001 | 460500202- Advance To Implementing |

| | | | | | |
|---|---|---|---|---|---|
| | പെട്ടങ്ങാടി കനാൽ ബണ്ട് ലിങ്ക് റോഡ്-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | | Agencies-Deposit With Kerala State Electricity Board |
| 3 | 151/23-പൊതുടാപ്പ് വിച്ഛേദിക്കുന്നതിന് തുക അടവാക്കൽ | 42201215/ 06.10.2022 | 500,000 | 251120104 | 460500201-Advance To Implementing Agencies-Deposit With Kerala Water Authority- |

### 1-1-5 സംയുക്ത പ്രൊജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം- വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കുകളിൽ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ ഐ-6 പ്രകാരം (ശീർഷകം- 160300102) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചത് 3879090/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വാർഷിക ചെലവ് 3496920 രൂപ മാത്രമാണ്. തുകയിലുള്ള 382170 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-1-6 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 162,752,608 |
| ആകെ ചെലവ് (B) | | 164,775,443 |
| മിച്ചം തുക C= A-B | | (-)2,022,835 |
| Prior Period Income | 25,688 | |
| Prior Period Expenditure | -14300 | |
| Net Difference Between Prior Period Income And Expenses ( D ) | | 39,988 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | (-)1,982,847 |

ഫോർമുല പ്രകാരം (D), 39988 രൂപയാണ് വരേണ്ടിയിരുന്നത്. എന്നാൽ -11,388 രൂപയാണ് പകരമായി ചേർത്തിട്ടുള്ളത്. അതിനാൽ -2,022,835 നോട് -11,388/- കൂട്ടുമ്പോൾ കിട്ടുന്ന തുക (-)2,034,223 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 16,352,491 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | (-)1,982,847 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന | 14,369,644 |

| | | |
|---|---|---|
| | ശീർഷകത്തിൽ<br>വരേണ്ട നീക്കിയിരിപ്പ് | |

എന്നാൽ 31/03/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ 14,391,248 രൂപയാണ് ചേർത്തിട്ടുള്ളത്. അതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-1 ൽ 21,604 രൂപ അധികമായിട്ടുണ്ട്.

**1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി-റെസിഡൻഷ്യൽ, വസ്തുനികുതി-നോൺ റെസിഡൻഷ്യൽ, വാടക എന്നീയിനങ്ങളിൽ യഥാക്രമം 5239/-, 145326/-, 417324/- എന്നിവ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ പിരിച്ചെടുക്കാനുള്ള തുകയ്ക്ക് ബാധകമായ Provision For Doubtful Receivables ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-8 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -4787248/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1418840/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-9 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

**1-1-10 Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

ഇൻകം & എക്സ്പൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-19 ൽ ഉൾപ്പെട്ട 190100101-Prior Period Income- Property Tax എന്ന ലെഡ്ജർ പ്രകാരം ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ടി ലെഡ്ജറിൽ ഉൾപ്പെട്ട ജേണൽ വൗച്ചറുകൾക്ക് ഉപോത്ബലകമായ വർക്ക് ഷീറ്റ് മുതലായ അനുബന്ധ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-11 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-12 വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2022-23 വർഷം ഈയിനത്തിൽ ക്രമീകരിച്ച

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2022-23 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/22 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2022-23ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4873 | 7270 |

### 1-1-13 വസ്തുനികുതി അഡ്വാൻസ് തുക ആധികാരിക വൗച്ചറുകൾ ഇല്ലാതെ സാങ്കൽപികമായി വർദ്ധിപ്പിക്കുന്നു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 9336 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42201473 | 31.03.2023 | 7270 |

2. നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42201473 | 31.03.2023 | 2066 |

### 1-1-14 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57))

| ക്ര.ന | ബാങ്ക് | അക്കൌണ്ട് നമ്പർ | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | SBI | 67047578898 | 15007 |
| 2 | 450210101-Nationalised Bank Account Of Own Revenue Fund | ലഭ്യമല്ല | 2400 |

## 1-1-15 വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1 തൻവർഷം**

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3046044 | 3033786 | 10614 | 3314 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3046044 | 3028570 | 10614 | *3314 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)` | *( 3481/105X 100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 3296469 | 3265070 | 5264 | 26453 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3296469 | 3264577 | 5264 | *26453 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(27777/ 105X100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2 കുടിശ്ശിക**

2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 12057 | 10397 | 1673 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1674 | 10391 | **1673 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1172+586=1758/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1758/105X100)=1674, |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 111947 | 0 | 111947 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 113151 | 0 | 111947 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(25395+93414= 118809/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | **(117549/105X100)= 111951, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**1-1-16 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-17 വാർഷിക കണക്കുകൾ പ്രകാരമുള്ള ക്ലോസിംഗ് സ്റ്റോക്കും രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 373369 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക്

രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കും പ്രകാരം 523470 രൂപയുടെ ക്ലോസിംഗ് സ്റ്റോക്ക് കാണുന്നുണ്ട്. മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| Sl No | Item | Quantity | Unit Rate | Total |
|---|---|---|---|---|
| 1 | Copper Ballast | 432 | 182.2 | 78710 |
| 2 | 36 W Tube Light | 490 | 36.44 | 17856 |
| 3 | Starter | 622 | 8.47 | 5268 |
| 4 | Rotor Holder | 500 | 8.47 | 4235 |
| 5 | LDR CFL | 0 | 19.49 | 0 |
| 6 | Pendent Holder | 320 | 16.8 | 5376 |
| 7 | Tape | 89 | 10.16 | 904 |
| 8 | Electronic Device For LED With On/ Off Control | 602 | 433.04 | 260690 |
| 9 | Hook Up Wire | 6 | 281.36 | 1688 |
| 10 | 12 W LED | 805 | 167.4 | 134757 |
| 11 | 2.5 Mm Aluminium Wire | 14 | 999 | 13986 |
| | Total | | | 523470 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 25/03/2022 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 292911084 | 271373700 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 14/03/2023<br>24(4) | |
| കമ്മിറ്റി തീരുമാനം | | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 252348088 | 228855363 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21793000 | 21793000 | 20105519 | 1687481** |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5461000 | 5461000 | 4941004 | 519996** |
| മെയിന്റനൻസ്, റോഡ് | 0 | 5727000 | 5727000 | 2779779 | 2947221** |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8619000 | 8619000 | 5664359 | 2954641** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക് | 1037379 | 4645000 | 5682379 | 3214290 | 2468089* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 2136562 | 2136562 | 1998340 | 138222** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ബാങ്ക് | 814849 | 3096000 | 4055835 | 2804585 | 1251250* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ട്രഷറി | 0 | 145848 | 145848 | 136000 | 9848** |
| TSC | 2236650 | 264000 | 2500650 | 2088200 | 412450* |
| Integrated Child Development Scheme | 140788 | 1470552 | 1611340 | 522526 | 1089084* |
| മറ്റേതെങ്കിലും ഫണ്ടുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം (ആർദ്രം അവാർഡ്) | 28000 | 0 | 28000 | 0 | 28000* |
| Integrated Child Development Service | 12000 | 0 | 12000 | 0 | 12000* |
| Fund For Specific Purpose (320300199) | 820000 | 1668000 | 2488000 | 768000 | 1720000* |
| Vimukthi | 47920 | Nil | 47920 | 40000 | 7920* |
| Total Sanitation | 25000 | 0 | 25000 | 0 | 25000* |
| WGDP | 5999 | 128 | 6127 | 82 | 6045* |
| Grants For Specific Purpose(320200399) | 5420 | 0 | 5420 | 0 | 5420* |
| NABARD | 4737 | 0 | 4737 | 0 | 4737* |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 189 | 97541241 | 140 | 63833961 | 65.44% | 74% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.30 | 1228159 | 1228159.30 | 1228159 | 0.30 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (Unskilled) | 0 | 19397593 | 19397953 | 19397953 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 8212586 | 8212586 | 8212586 | 0 |
| Semiskilled Wage | 0 | 2130030 | 2130030 | 2130030 | 0 |
| ആകെ | 0.30 | 30968728 | 30968728.30 | 30968728 | 0.30 |

## 1-6 ക്ഷേമപദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-6 പ്രകാരമുള്ളത് )

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7150400 | 338 |
| വിധവാ പെൻഷൻ | 14351800 | 1381 |
| വാർദ്ധക്യകാല പെൻഷൻ | 28591400 | 2894 |
| വികലാംഗപെൻഷൻ | 3065200 | 309 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1471800 | 141 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2023 തീയതിയിൽ 3.00 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19124/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വീടുകൾക്കുള്ള വസ്തുനികുതിയൊഴിവ് അപേക്ഷകൾ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്. നികുതി വരുമാനപുരോഗതി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി വിലയിരുത്തുകയും ആയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും 2023 മാർച്ച് 31 ന് മുമ്പ് പിരിച്ചെടുക്കാൻ സാധിക്കാത്തത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ മിക്ക ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും അജണ്ടയായി ഉൾപ്പെടുത്തി അവലോകനം നടത്തി വരുന്നുണ്ട്.

ബജറ്റും തഥാർത്ഥ വരവുമായുള്ള അന്തരം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 75,00,000 | 68,00,000 | 63,42,513 |
| തൊഴിൽനികുതി | 35,00,000 | 35,00,000 | 22,04,915 |
| വാടക | 1,00,000 | 3,63,230 | 373978 |
| ലൈസൻസ് ഫീസ് | 4,00,000 | 4,50,750 | 268060 |

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ചർച്ചയ്ക്ക് വന്നിട്ടില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2916319 | 3046044 | 4.5 | 262 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2986174 | 3296469 | 10.39 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 576400 | 638375 | 10.75 | |
| തൊഴിൽ നികുതി - ജീവനക്കാർ | 1385493 | 1566540 | 13.07 | |
| വാടക | 182230 | 373978 | 105.2 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും

സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

ഭരണസമിതിയുടെ 24.04.2023 ലെ 5(1) നമ്പർ തീരുമാനം പ്രകാരം തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പിന്റെ 22.03.2022 ലെ സ.ഉ.(കൈ) നം. 77/2023/തസ്വഭവ, ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് 01.10.2023 തീയതി മുതൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തി സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് ലോക്ക് ചെയ്തിട്ടുള്ളതാണ്. പുതിയ കെട്ടിടങ്ങൾക്ക് 01.10.2023 മുതൽ പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. 01.04.2023 മുതൽ പഴയ നിരക്കിൽ ഈടാക്കിയ നികുതി സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുന്ന മുറക്ക് ബാക്കി തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

14 ാം വാർഡിലെ ഡിവൈൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മീഡിയ സയൻസ് എന്ന സ്ഥാപനത്തിലെയും 7 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നവ്യ ഫാംസ് എന്ന സ്ഥാപനത്തിലെയും അനധികൃത നിർമ്മാണങ്ങൾ, അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതുവരെ UA നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നതിന്, പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ 20.03.2023 തീയതിയിലെ കെ.എസ്.എ.ടി.എസ്.ആർ(പി8)2118/2022 നമ്പർ ഓഡിറ്റ് റിപ്പോർട്ടിലെ 1-34 ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നാൽ ഈ വിഷയത്തിൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇതുമൂലം വൻതുകയാണ് പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നത്.

അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതിനും തൻമൂലം വരുമാന നഷ്ടം ഇല്ലാതാക്കുന്നതിനും ഇത്തരം നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ 18.06.2022 ലെ PAN/8366/2022-C3(DP)(1) മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

സേവന ഉപനികുതി

നിലവിൽ പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുന്നില്ല. ആയതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ സേവന ഉപനികുതി ചുമത്തുന്നതിന് ഭരണസമിതി തീരുമാനം എടുക്കാവുന്നതാണ്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതിനും ആയത് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്.

**വിനോദനികുതി**

വിനോദനികുതി ഇനത്തിൽ 2022-23 സാമ്പത്തിക വർഷം വരുമാനം ഇല്ല. പഞ്ചായത്ത് പരിധിയിൽ സിനിമാ തീയറ്റർ, അമ്യൂസ്മെന്റ് പാർക്ക്, നീന്തൽകുളങ്ങൾ, പ്രദർശന വിപണന മേളകൾ, സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

**നികുതിയേതര വരവുകൾ**

**വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്**

പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്ന തരത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഡാറ്റ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

**വാടക**

പഞ്ചായത്തിന്റെ വാടകയിനത്തിലുള്ള പ്രധാന വരുമാന സ്രോതസ്സ് മേലൂർ പള്ളിനട ജംഗ്ഷനിലുള്ള ഷോപ്പിംഗ് കോംപ്ലക്സാണ്. ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 14 കടമുറികൾ ഉള്ളതിൽ 4 കടമുറികൾ മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന 10 കടമുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിൽ നിന്നും തൻവർഷം 4500/- രൂപ മാത്രമാണ് വരുമാനം ലഭിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി ഹാളിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 1/06.10.2023)

## 1-10 കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

വി.ഇ.ഒ. കുന്നപ്പിള്ളി (സർക്കിൾ) നടപ്പിലാക്കിയ ലൈഫ് (ജനറൽ) (55/23) എന്ന പദ്ധതിയിൽ ആദ്യ ഗഡു 40000/- കൈപ്പറ്റി ഭവന നിർമ്മാണം ഉപേക്ഷിച്ച ശ്രീ.ബേബി ഷാജി കൈപ്പറ്റിയ തുകയിൽ 34000/- രൂപ രസീത് നം.1230100652/G081604/03.07.2023 പ്രകാരം പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമല്ല. ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം . 22 /12.10.2023).

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | | സ്ഥാപനം. |
|---|---|---|
| 1 | | റേഷൻ കടകൾ |
| 2 | | ക്ഷീര സഹകരണ സംഘങ്ങൾ<br>1) APCOS പൂലാനി<br>2) APCOS പാലപ്പിള്ളി |
| 3 | | പാരാമെഡിക്കൽ സ്ഥാപനങ്ങൾ |
| | A) | ആയുർ പത്മ സുബ്രം , മേലൂർ |
| | B) | ബെത് സദാ ട്രഡീഷണൽ<br>ആയുർവേദിക് സെന്റർ , മുരിങ്ങൂർ |
| | C) | കെം ടൂറ ഡയഗ്നോസ്റ്റിക്സ് , മേലൂർ |
| | D) | നാനോടെക് ഡയഗ്നോസ്റ്റിക്സ് സെന്റർ , മേലൂർ |
| | E) | സെന്റ് ആന്റണീസ് ലബോറട്ടറീസ് ,പൂലാനി |
| | F) | നവശക്തി ഹോമിയോ ഡിസ്പെൻസറി ,പൂലാനി |

| | | |
|---|---|---|
| | G) | ചാക്കോള ഡെന്റൽ ക്ലിനിക്ക് |
| | H) | ശാലോം ലബോറട്ടറി |
| | I) | കൃഷ്ണ ഹോമിയോ ക്ലിനിക്ക് , കല്ലുകുത്തി |

2. ലൈസൻസിനായുള്ള അപേക്ഷ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജോലിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ആയത് ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ചാലക്കുടി മെറ്റൽ ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 14/653, 654/A , 654/B | 05 |
| 2 | മേഘ ഏജൻസിസ് | 15/441,423, 443 | 05 |
| 3 | ഗെലോർഡ് സ്റ്റീൽസ് ആൻഡ് സിമൻറ്സ് | 15/ 277/A | 05 |
| 4 | വിമല സോ മിൽ | 14/322,323,324 | 06 |
| 5 | വിമല ഇൻഡസ്ട്രീസ് | 14/321 | 06 |
| 6 | വിമല ഹോം ഡെക്കോർ | 14/296,302 | 02 |
| 7 | സെറാമിക് സെൻറർ മുരിങ്ങൂർ | 15/485/B | 05 |
| 8 | വിശാഖം സിമൻറ് ബ്രിക്സ് | 9/144/B | 05 |
| 9 | ഈഗർ ഇൻറർനാഷണൽ മുരിങ്ങൂർ | 16/355 | 05 |
| 10 | കംപെയിന്റ് ഫാർമസ്യൂട്ടിക്കൽസ് മുരിങ്ങൂർ | 14/367 | 08 |
| 11 | മരിയൻ റബ്ബർ ബാൻഡ്സ് | 7/247/C | 05 |
| 12 | മണക്കാട്ടുംപടി ഹാർഡ് വെയർ ആൻഡ് സാനിറ്ററീസ് | 6/270,271 | 05 |
| 13 | മണക്കാട്ടുംപടി മെറ്റൽസ് | 6/254/A | 10 |
| 14 | അശ്വതി ഇൻഡസ്ട്രീസ് | 6/254 | 05 |
| 15 | എസ്സാർ | 14/ 177, 178, | 04 |

| | | | |
|---|---|---|---|
| | ഓട്ടോമൊബൈൽസ് | 179, 180 | |
| 16 | ന്യൂ നാച്ചുറൽ ബിവറേജസ് പുഷ്പഗിരി | 8/563/A | 05 |
| 17 | മേലൂർ പെട്രോ പാർക്ക് | 11/298 | 07 |
| 18 | മരിയ കൺസ്ട്രക്ഷൻ കമ്പനി | 13/378 | |
| 19 | ബ്രിജേഷ് അസോസിയേറ്റ്സ് | 13/379,380 | 07 |
| 20 | ഇന്ത്യൻ കോഫി ഹൗസ് , മുരിങ്ങൂർ | 14/608 , 608/A | 25 |
| 21 | നിക്കുട്ടൻ അസോസിയേറ്റ്സ് | 11/291 , 283 | 10 |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.13/12.10.2023). മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1 | സഞ്ജയ് ടി സി |
| 2 | ജിജി കെ.ജെ |
| 3 | ജോർജ്ജ് കെ ടി |
| 4 | ഗംഗാധരൻ വി കെ |
| 5 | സുരേഷ് കോട്ടയിൽ |
| 6 | നാരായണൻ എ എം |
| 7 | പോൾസൺ കെ ജെ |
| 8 | ടോണി പി വി |
| 9 | ജൈജോ എം. ജോസ് |

എന്നാൽ പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും, പഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി

അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.14/12.09.23 ). ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും അവർക്ക് കരാർ നൽകിയതിന്റെ മൂല്യത്തിനനസൃതമായി തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ക്ഷീര സംഘങ്ങൾ<br>A) APCOS മേലൂർ<br>B) APCOS പാലപ്പിള്ളി |
| 2 | കള്ള് ഷാപ്പ് - ഗ്രൂപ്പ് 7 , ചാലക്കുടി |
| 3 | അക്ഷയ സെന്റർ |
| 4 | വാട്ടർ അതോറിറ്റി |
| 5 | മലബാർ ബ്രീവറീസ് |

2) ഡബ്ല്യൂ.പി.സി 16670/06 നം കേസിന്റെ അന്തിമവിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്. എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതാണ്.
( ഓഡിറ്റ് എൻക്വയറി നം. 15/12.10.2023 ).

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി -മേഖല നിർണ്ണയം -അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ, സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 11 -ാം വാർഡ് മാത്രം പരിശോധിച്ചതിൽ വ്യത്യസ്ത മേഖല നിർണയം നടത്തിയതായി കാണപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.16/23.09.2023).

| ക്രമ നം | കെട്ടിട നം. | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 3 | റോസി ചിറമേൽ വീട് , മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 3 | ജേക്കബ് മൂത്തേടൻ വീട് , മേലൂർ | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 2 | 14 | ഷാജൻ വർഗീസ് കരേടൻ, മേലൂർ | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| | 14 | ദിവ്യ മുതൽ പേര് കരേടൻ വീട്,മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 3 | 16/E | ഷിബു ബോസ് കീഴാറ വീട്, മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 17 | സജീവ് ഡേവീസ്. കെ കരേടൻ,മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| 4 | 85 | പൌലോസ് ബൈജു കുറ്റിപ്പുഴക്കാരൻ,മേലൂർ, | ഗോഡൗൺ പുഞ്ച റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 85/a | ബെന്നി S/o അന്തോണി കോക്കാടൻ വീട്,മേലൂർ, | ഗോഡൗൺ പുഞ്ച റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 5 | 89 | ഔസേപ്പ് ജോൺസൺ വെട്ടിയാടൻ വീട്,മേലൂർ, | ഗോഡൗൺ പുഞ്ച റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 89/b | ജോഷി വെട്ടിയാടന് (H) വെട്ടിയാടൻ വീട്,മേലൂർ, | ഗോഡൌൺ പുഞ്ച റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| 6 | 149 | ലാൽസൺ കർത്തനാട്ട്, മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 150/A | ലിങ്കൻ കച്ചിറക്കൽ വീട്,കല്ലുകുത്തി | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 7 | 151/F | കെ.പി.ജോസ് കച്ചിറക്കൽ വീട്, മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 151/G, H | ജോസ് കച്ചിറക്കൽ വീട്, മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 8 | 163 | ഗിഫ്റ്റി മാത്യു വടാശ്ശേരി വീട്, മേലൂർ, | ഹൈസ്കൂൾ പുഞ്ച അങ്ങാടി റിങ്ങ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 163/A | ജോയ് തെക്കേ ആട്ടയിൽ, മേലൂർ | ഹൈസ്കൂൾ പുഞ്ച അങ്ങാടി റിങ്ങ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 9 | 195 | ഔസേപ്പ് പോൾകിഴക്കിനേടത്ത്, മേലൂർ, | ഹൈസ്കൂൾ പുഞ്ച അങ്ങാടി റിങ്ങ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |

| | | | | | |
|---|---|---|---|---|---|
| | 196 | ജോഷി നെല്ലിക്കുളം വീട്, മേലൂർ, | ഹൈസ്കൂൾ പുഞ്ച അങ്ങാടി റിങ്ങ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 10 | 303/A | ബേബി പോൾ പയ്യപ്പിള്ളി വീട്,മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 304 | വർഗീസ് പയ്യപ്പിള്ളി,മേലൂർ, | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 11 | 364/A | ഷെറിൻ ജേക്കബ് മേലാപ്പിള്ളി വീട്,മേലൂർ, | മുള്ളമ്പാറ കുന്ന് കനാൽ ബണ്ട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 364/B | ബാബു. വി.എ വെളിയത്ത്,മേലൂർ, | മുള്ളമ്പാറ കുന്ന് കനാൽ ബണ്ട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 12 | 384 | ഡേവീസ് പ്ലാക്ക കോക്കാടൻ, മേലൂർ | മുള്ളമ്പാറ കുന്ന് കനാൽ ബണ്ട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 384/A | മത്തായി മുല്ലശ്ശേടത്ത്, മേലൂർ, | മുള്ളമ്പാറ കുന്ന് കനാൽ ബണ്ട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 13 | 470 | ജോഷി വാഴക്കാല വീട്, മേലൂർ | മേലൂർ പാലപ്പിള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| | 471 | ലോനപ്പൻ റൈജ്ജ ആന്റ് ഭാര്യ ലീന തെറ്റയിൽ വീട്, മേലൂർ, | മേലൂർ പാലപ്പിള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 14 | 560 | ഔസേപ്പ് മഞ്ഞളിമംഗലൻ, മേലൂർ, | പാലമുറി മേലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 561 | ജോയി പ്ലാക്ക കോക്കാടൻ വീട്, മേലൂർ, | പാലമുറി മേലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 15 | 624 | കെ.എക്സ്. പോൾകാട്ടുംപുറത്ത്, മേലൂർ | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 624/A | പോൾ കാട്ടുപുറത്ത് വീട്, മേലൂർ | മേലൂർ പൂലാനി അടിച്ചിലി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 വസ്തു നികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക്

ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നം. | ആകെ തറ വിസ്തീർണ്ണം (M2) | ഈടാക്കിയ നിരക്ക് | ഈടാക്കേണ്ടിയിരുന്ന നിരക്ക് |
|---|---|---|---|---|
| ചന്ദ്രാവതി മുതൽ പേർ | 4/12/E | 115.60 | 30 | 50 |
| സിനി കോട്ടൂരാൻ | 3/424/E | 206.40 | | |

മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിലൂടെ ബാധകമായതിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.17/12.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി നിർണ്ണയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. വസ്തുനികുതി എന്നത് പഞ്ചായത്തിന്റെ തനതുവരുമാനമായതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-16 ആയുർ പത്മസുബ്രം ആയുർവേദ ട്രീറ്റ്മെൻറ് സെന്ററിന്റെ വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകതകൾ

മേലൂർ പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ 644/3, 647/2 എന്നീ സർവ്വേ നമ്പറുകളിൽ സ്ഥിതി ചെയ്യുന്ന കണ്ടത്തിൽ സുബ്രഹ്മണ്യൻ മകൻ സന്തോഷ് കുമാർ മുതൽപേർ എന്നിവരുടെ ഉടമസ്ഥതയിൽ ആയുർ പത്മസുബ്രം ആയുർവേദ ട്രീറ്റ്മെൻറ് സെൻറർ എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന് ആശുപത്രി നടത്തുന്നതിന് ലൈസൻസ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ പാരാമെഡിക്കൽ രജിസ്ട്രേഷനും പഞ്ചായത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ നിന്നുള്ള ഫോം 6 പ്രകാരം പരിശോധിച്ചതിൽ നിന്നും പ്രസ്തുത സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ ആശുപത്രി , പാർപ്പിടം എന്നീ കാറ്റഗറികളിലാണ് ഉൾപ്പെട്ടിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം, | സർവേ നം. | ഉടമയുടെ പേര് | കെട്ടിട നം. | തറ വിസ്തീർണ്ണം ( M2 ) | കാറ്റഗറി | വസ്തു നികുതി നിരക്ക് |
|---|---|---|---|---|---|---|
| 1 | 644/3 , 647/2 | കണ്ടത്തിൽ സുബ്രഹ്മണ്യൻ മകൻ സന്തോഷ് കുമാർ മുതൽപേർ | 1/335/b | 368.13 | പാർപ്പിടാവശ്യം | 5 /M2 |
| 2 | | | 1/335/c | 44.8 | ആശുപത്രികൾ | 5/m2 |
| 3 | | | 1/335/d | 47.8 | ആശുപത്രികൾ | 5/m2 |

എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ സ്ഥാപനം ആയുർവേദ സുഖചികിത്സ കേന്ദ്രമായി പ്രവർത്തിക്കുന്നതായാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് പഞ്ചായത്ത് നിശ്ചയിച്ച പ്രകാരം ഈടാക്കേണ്ട വസ്തു നികുതി നിരക്ക് 150 രൂപയാണ്. എന്നാൽ സ്ഥാപനത്തിന്റെ മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി 5 രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി

നം. 23/13.10.2023 ). സ്ഥാപനത്തിൽ സ്ഥല പരിശോധന നടത്തി കെട്ടിടത്തിന്റെ തരം മാറ്റുന്നതിനും വസ്തുനികുതി പുനഃനിർണ്ണയിച്ച് നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ് ( ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈഫ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടു പോകുന്നതോ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവർത്തിയായിരിക്കുന്നതാണ്.

കന്നുകാലിഫാം - അഞ്ചു മൃഗങ്ങൾ

ആട് ഫാം - 20 മൃഗങ്ങൾ

പന്നിഫാം - അഞ്ച് മൃഗങ്ങൾ

മുയൽ ഫാം - 25 മൃഗങ്ങൾ

പോൾട്രി ഫാം - 100 പക്ഷികൾ

ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി നൽകുന്നതിലേക്കായി, പഞ്ചായത്ത് പ്രൊജക്ട് നം.172/23 പ്രകാരം 22 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും മുഴുവൻ അടങ്കൽ തുക ചെലവഴിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതി പ്രകാരം 40,000/- രൂപ വെച്ച് പത്തോളം പേർക്ക് പാലിന് സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ 2 മുതൽ 6 മാസം വരെയുള്ള കാലയളവിൽ തന്നെ 13000 ലിറ്ററിന് മുകളിൽ പാൽ അളന്നിട്ടുള്ള കർഷകരുള്ള ഈ പഞ്ചായത്തിൽ ഡയറി ഫാം ലൈസൻസ് ആരും തന്നെ എടുത്തിട്ടില്ല. 2012ലെ കേരള പഞ്ചായത്ത് രാജ് ( ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം 5 കന്നുകാലികളിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്നതിന് കന്നുകാലി ഫാം ലൈസൻസ് എടുക്കണം. കൂടാതെ പഞ്ചായത്തിന്റെ 2023-24 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന പ്രകാരം ഫാമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ഡയറി ഫാം - 5

ഗോട്ട് ഫാം - 10

ഇറച്ചി കോഴി -25

ആകെ -40

എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന ആകെ ഫാമുകളിൽ 10 കോഴി ഫാമുകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മറ്റ് ഫാമുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി നം.24/13.10.2023). പഞ്ചായത്ത് പരിധിയിൽ ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കാത്തതുമൂലം പെൻഷൻ തുകയിനത്തിൽ സർക്കാരിന് നഷ്ടം സംഭവിക്കുന്നു

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.) നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.2020 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം, മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകളും മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ (2022 വർഷത്തിലെ ക്രമ നമ്പർ 1 മുതൽ 30 വരെയുള്ളത്) പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചതിൻപ്രകാരം ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മാത്രമല്ല ടി ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിവരുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | പ്രതിമാസ പെൻഷൻ തുക | |
| 1 | ത്രേസ്യ അഗസ്റ്റിൻ | 108010600979 | വിധവാ പെൻഷൻ | 16.12.2021 | 07/2022 11.01.2022 | ആക്ടീവ് | 01/22-06/23 | 1600 | 28800 |
| 2 | ഏല്യക്കുട്ടി | 108010600504 | വിധവാ പെൻഷൻ | 13.01.2022 | 12/22 29.01.2022 | ആക്ടീവ് | 02/22-06/23 | 1600 | 27200 |
| 3 | ഔസേപ്പ്കുട്ടി | 108010200895 | വാർദ്ധക്യകാല പെൻഷൻ | 26.12.2021 | 19/22 29.01.2022 | ആക്ടീവ് | 01/22-06/23 | 1600 | 28800 |
| 4 | ഏലിക്കുട്ടി ലോനപ്പൻ | 220263098 | കർഷക പെൻഷൻ | 02.01.2022 | 21/22 29.01.2022 | ആക്ടീവ് | 2/22-06/23 | 1600 | 27200 |
| 5 | പി വി ആന്റണി | 108010201567 | വാർദ്ധക്യകാല പെൻഷൻ | 08.01.2022 | 24/22 31.01.2022 | ആക്ടീവ് | 02/22-06/23 | 1600 | 27200 |
| ആകെ അധികം നൽകിയ തുക | | | | | | | | | 139200 |

2. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 04.03.2021 തീയതിയിലെ PAN/2566/2020-DBT1 (DP) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ മേലൂർ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പെൻഷൻ ഐഡി | ആധാർ നമ്പർ | പേര് | പെൻഷൻ വിതരണം തുടങ്ങിയ തീയതി |
|---|---|---|---|---|
| 1 | 108010201254 | 266795491437 | Karthyayini Amma | 02/01/2014 |
| 2 | 108010201355 | 723872177356 | Ammini C K | 07/01/2014 |
| 3 | 108010300005 | 574551110618 | Radhakrishnan V K | 08/01/2008 |
| 4 | 108010400239 | 574551110618 | OMANA Mohandas | 01/01/2016 |

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(08/12.10.2023) മറുപടി ലഭ്യമാക്കിയില്ല. മേലൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന വരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും ക്രമ നമ്പർ 1 ലെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളെ പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യേണ്ടതും

അനർഹമായി നൽകിയ പെൻഷൻ തുക ( 139200/-) രൂപ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമ നമ്പർ 2 പട്ടികയിലെ ഗുണഭോക്താക്കളിൽ നിന്നും അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മരണ രജിസ്റ്റർ പരിശോധിച്ചതിൽ 2022 വർഷം പഞ്ചായത്തിൽ 223 മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ക്രമ നമ്പർ 1 മുതൽ 30 വരെയുള്ള അപേക്ഷകളിൽ ആധാർ നമ്പർ ലഭ്യമായ അപേക്ഷകൾ മാത്രമാണ് പരിശോധനക്ക് വിധേയമാക്കിയത്. പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകളും പരിശോധിക്കേണ്ടതും അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ടുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 കണ്ടിജന്റ് ചെലവുകൾ-മുൻകൂർ തുക നൽകിയത് ക്രമീകരിച്ചിട്ടില്ല

കണ്ടിജന്റ് ചെലവുകൾക്കായി താഴെപ്പറയുംപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ തുക നൽകിയത് ക്രമീകരിച്ചിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വൗച്ചർ നം,തിയതി | തുക | റിമാർക്സ് |
|---|---|---|---|
| വെറ്ററിനറി സർജൻ | 22200178/ 18.06.2022 | 50000 | ക്രമീകരിച്ചിട്ടില്ല |
| എഫ് എച്ച് സി മെഡിക്കൽ ഓഫീസർ | 22200031/ 13.04.2022 | 400000 | 362649/രൂപ ക്രമീകരിച്ച രേഖകൾ മാത്രമേ ലഭ്യമായുള്ളൂ |

മുൻകൂർ നൽകിയ മുഴുവൻ തുകയും ക്രമീകരിച്ച വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/12.10.2023)

## 1-20 റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്

മേലൂർ ഗ്രാമപഞ്ചായത്തിന്റെ 29.11.2022 ലെ സാധാരണ യോഗത്തിലെ 19(1) നമ്പർ തീരുമാനപ്രകാരം ഷീല ജോർജ് കുട്ടി, തോട്ടത്തിൽ വീട്, അടിച്ചിലി എന്നവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത Contempt Case (C) No. 2193/2022 In WPC 20134/2021 എന്ന കേസിന്റെ വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി കേസിന് ആസ്പദമായ പോളച്ചൻ, മൂത്തേടൻ വീട്, അടിച്ചിലി എന്നവരുടെ ഉടമസ്ഥതയിലുള്ള കുളം നികത്തുന്നതിന് അടിയന്തിര സാഹചര്യത്തിൽ മണ്ണ് അടിയ്ക്കുന്നതിന് ക്വട്ടേഷൻ ക്ഷണിയ്ക്കുകയും കുറഞ്ഞ തുകയായ ഒരു യൂണിറ്റ് മണ്ണിന് 1750/-രൂപ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച സതീഷ് ചന്ദ്രൻ, അമ്പാട്ടുപറമ്പിൽ വീട്, പൂലാനി എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കിയ സെക്രട്ടറിയുടെ നടപടിയ്ക്ക് സാധൂകരണം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 30 യൂണിറ്റ് മണ്ണിന്റെ ചെലവ് തുകയായ 52,500/-രൂപയും ജെ സി ബി വാടകയും തനതുഫണ്ടിൽ നിന്നും വഹിയ്ക്കുന്നതിനും തുടർന്ന് നിയമാനുസൃത റവന്യൂ റിക്കവറി നടപടികളിലൂടെ ചെലവായ തുക ശ്രീ. പോളച്ചൻ, എന്നവരിൽ നിന്ന് ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിയ്ക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടത്തി തുക ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/12.10.2023)

## 1-21 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഹോമിയോ മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ-10/23

| ക്രമ നമ്പർ | വൗച്ചർ നം, തിയതി, ഫണ്ട് | തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയതി | മരുന്ന് ലഭിച്ചതിന്റെ വിവരം ഇൻവോയ്സ് നമ്പർ, തിയതി/തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 42201212/ 03.09.2022, (മെയിന്റനൻസ് ഫണ്ട്, നോൺ റോഡ്) | 2,00,000 | PF 1004/ 13.12.2022 | 1)LF-191/06.06.2023 113223/-<br>2)LF-1078/16.08.2023 24466/-<br>ആകെ-137689 | 62311/- | ഹോംകോയ്ക്ക് മുൻകൂർ തുക നൽകി. 12.09.2022 ലെ കരാറിൽ 9 മാസത്തിനകം മരുന്ന് ലഭ്യമാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

II. പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പർ-9/23

| ക്രമ നമ്പർ | വൗച്ചർ നം, തിയതി, ഫണ്ട് | തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയതി | മരുന്ന് ലഭിച്ചതിന്റെ വിവരം (ഇൻവോയ്സ് നമ്പർ, തിയതി / തുക) | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 42201244/19.12.2022 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 1,00,000 | PRF 2973/ 14.12.2022 | മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല | 1,00,000/- | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയത് |
| 2 | 42201301/02.03.2023 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 99,990 | PRF 4727/ 24.02.2023 | മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല | 99,990 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയത് |
| 3 | 42201361/23.03.2023 (വികസനഫണ്ട്, ജനറൽ) | 50181 | PRF 5439/ 17.03.2023 | മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല | 50181 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയത് |

3.പി എച്ച് സി യിലേയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ-13/23

| ക്രമ നമ്പർ | വൗച്ചർ നം, തിയതി, ഫണ്ട് | തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | മരുന്ന് ലഭിച്ചതിന്റെ വിവരം | ബാക്കി മരുന്ന് ലഭിക്കാനുള്ള | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | ഇൻവോയ്സ് നമ്പർ /തുക | തുക | |
|---|---|---|---|---|---|---|
| 1 | 42201226/23.11.2022 (മെയിന്റനൻസ് ഫണ്ട്, നോൺ റോഡ്) | 536505 | PRF 2035/ 07.11.2022 | മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല | 536505/- | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയത് |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.2/09.10.2023)

## 1-22 വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം- തുക അധികം നൽകി-37340/- രൂപ തിരിച്ചടയ്ക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി
പ്രൊജക്ട് നമ്പർ : 12/23 – വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം
ഫണ്ട്- വികസനഫണ്ട്, ജനറൽ

മേല്പറഞ്ഞ പ്രൊജക്ടിൽ ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് നടത്തിയ മേലൂർ ഗ്രാമപഞ്ചായത്തിലെ രണ്ട് രോഗികൾക്ക് ഡയാലിസിസ് നടത്തിയതിനുള്ള ധനസഹായമായി ചാലക്കുടി താലൂക്ക് ആശുപത്രി സൂപ്രണ്ടിൽ നിന്നുള്ള 14.12.2022 തിയതിയിലെ സി. 06/2022 നമ്പർ കത്ത് പ്രകാരം 65,340/- രൂപ (വൗച്ചർ നം. 42201120/14.02.2023) ചാലക്കുടി താലൂക്ക് ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ. ഉ. (കൈ) നം.115/2022/LSGD Dt.28.05.2022 ഖണ്ഡിക 7.6.7 പ്രകാരം ഡയാലിസിസ് നടത്തുന്നതിനുള്ള ധനസഹായം ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/- രൂപ ആണ്. ഡയാലിസിസ് നടത്തിയതിന്റെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം | രോഗിയുടെ പേരും മേൽവിലാസവും | ഡയാലിസിസ് നടത്തിയ മാസങ്ങൾ | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ഭരതൻ കെ വി,കുന്നത്ത് ഹൗസ്, അടിച്ചിലി | 3/22,4/22 | 14850 | 8000 | 6850 |
| 2 | റോസിലി,പാലാട്ടി ഹൗസ്, പാലമുറി, മേലൂർ | 3/22,4 /22,5/22, 6//22,7/22 | 50490 | 20000 | 30490 |
| | | | | ആകെ അധികം | 37340 |

തുക അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/09.10.2023) മറുപടിയായി അധികമായി നൽകിയ തുക തിരിച്ചടയ്ക്കുന്നതിന് ചാലക്കുടി താലൂക്ക് ആശുപത്രി സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ടെന്നും തുക ലഭിയ്ക്കുന്ന മുറയ്ക്ക് തിരിച്ചടച്ച് റസീപ്റ്റ് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് അറിയിക്കേണ്ടതാണ്. തിരിച്ചടയ്ക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-23 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ- അധികം നൽകിയ 3360/-തുക തിരിച്ചടയ്ക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി
പ്രൊജക്ട് നമ്പർ : 177/23 – ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

ഫണ്ട്- ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure)

മേല്പറഞ്ഞ പ്രൊജക്ടിൽ മരുന്ന വാങ്ങിയതിനായി പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്ര, വരന്തരപ്പിള്ളി എന്ന സ്ഥാപനത്തിന് 29.09.2022 ലെ JAS-VAR-293 നമ്പർ ഇൻവോയ്സ് പ്രകാരം താഴെപ്പറയുന്ന രീതിയിൽ 3360/- രൂപ രണ്ടു തവണ നൽകിയിട്ടുണ്ട്.

| വൗച്ചർ നം.തിയതി | തുക |
|---|---|
| 22200712/26.12.2022 | 3360 |
| 22200719/30.12.2022 | 3360 |

തുക അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/09.10.2023) മറുപടിയായി പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്ര, വരന്തരപ്പിള്ളി എന്ന സ്ഥാപനത്തിന് തുക തിരിച്ചടയ്ക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും എത്രയും പെട്ടെന്ന് തുക തിരിച്ചടച്ച് അറിയിക്കുന്നതാണെന്നും മറുപടി നൽകി. തുക ഹെൽത്ത് ഗ്രാന്റിൽ (Diagnostic Infrastructure) തിരിച്ചടച്ച് അറിയിക്കേണ്ടതാണ്. തിരിച്ചടയ്ക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-24 MGNREGS കോൺക്രീറ്റ് പ്രവൃത്തികൾ - കരാറുകാരന് സിമന്റ്, ക്വാറി വേസ്റ്റ് ഇനത്തിൽ മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിന്റെ അടിസ്ഥാനത്തിൽ സിമന്റിന് സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് പാക്കറ്റിന് ₹ 630 രൂപയാണെന്നും, എന്നാൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് പാക്കറ്റിന് ₹430-ൽ താഴെയാണെന്നതിനാലും, പാക്ക്ഡ് കമ്മോഡിറ്റിയായ സിമന്റിന് പാക്കറ്റിൽ രേഖപ്പെടുത്തിയ പരമാവധി തുകയേക്കാൾ അധികം നല്കി വാങ്ങാനാവില്ലെന്നതിനാലും, സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ എടുക്കുന്ന കരാറുകാരൻ, സിമന്റ് വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ, നൽകുന്ന ബ്രാന്റിന്റെ പേരും, യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രം അനുവദിക്കേണ്ടതാണെന്നും, ഓരോ പ്രവൃത്തിയുടെയും ബിൽ പാസ്സാക്കുമ്പോൾ 2% GST TDS ഈടാക്കി ശേഷം മാത്രം ബാക്കി തുക FTO ആയി നല്കേണ്ടതാണെന്നുള്ള കർശന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു നല്കുകയുണ്ടായി. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽമേൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. കരാറുകാരൻ വിതരണം ചെയ്ത സിമന്റിന്റെ ബ്രാന്റ് പേര്, യൂണിറ്റ് നിരക്ക് പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ GST ബിൽ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

2022-23 വർഷം ഗ്രാമപഞ്ചായത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ക്വാറി വേസ്റ്റിന് ക്യൂബിക്ക് മീറ്ററിന് ₹1166.93 രൂപയാണ് (Over Head Charges, Contractors Profit, Cost Index ഉൾപ്പെടെ) അനുവദിച്ചിട്ടുള്ളത്. എന്നാൽ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹1480 രൂപയാണ് അനുവദിച്ചു നല്കിയിട്ടുള്ളത്. ഈ ഇനത്തിന് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നല്കിയതിനേക്കാൾ 27% ൽ അധികം വരുന്ന തുകയാണ് അനുവദിച്ചിരിക്കുന്നത്. സിമന്റിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ മെട്രിക് ടണ്ണിന് ₹7829.66 (Over Head Charges, Contractors Profit,Cost Index ഉൾപ്പെടെ) നല്കിയപ്പോൾ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹11520 രൂപയാണ് അനുവദിച്ചു നല്കിയിട്ടുള്ളത്. ഈ ഇനത്തിന് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നല്കിയതിനേക്കാൾ 47% ൽ അധികം വരുന്ന തുകയാണ് അനുവദിച്ചിരിക്കുന്നത്. പരിശോധനാ വിധേയമാക്കിയ ആറ് പ്രവൃത്തികളിൽ സിമന്റിനും, ക്വാറി വേസ്റ്റിനും, പ്രൈസ് സോഫ്റ്റ് വെയറിന്റെ (DSR നിരക്ക്) അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന തുകയും, ഈ ഇനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിച്ച തുകയും സംബന്ധിച്ച താരതമ്യവും, അധികം അനുവദിച്ച തുകയുടെ വിവരവും താഴെ ചേർക്കുന്നു.

| | പ്രവൃത്തി | കരാറുകാരന്റെ പേരു വിവരം | ക്വാറി വേസ്റ്റ് അളവ് M3 | ക്വാറി വേസ്റ്റ് @₹1480/m3 പ്രകാരം അനുവദിച്ച തുക | ക്വാറി വേസ്റ്റ് ക്യുബിക്ക് മീറ്ററിന് ₹1166.93 പ്രകാരമുള്ള തുക | ക്വാറി വേസ്റ്റ് അധികമനുവദിച്ച തുക | സിമന്റ് അളവ് Tonne | സിമന്റ് ടണ്ണിന് ₹11520 പ്രകാരം അനുവദിച്ച തുക | സിമന്റ് ടണ്ണിന് ₹7829.66 പ്രകാരം | സിമന്റ് ഇനത്തിൽ അധിക അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | വാർഡ്-4ൽ കുറുപ്പം കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംങ്ങ് | ബാബു ആന്റണി, കോൾക്കുന്നിൽ വീട്, കോന്നൂർ | 35.36 | 52332.8 | 41262.64 | 11070.16 | 16.97 | 195494.4 | 132869.33 | 62625.07 |
| 2 | വാർഡ് 3 ൽ നായരങ്ങാടി റോഡ് കോൺക്രീറ്റിംങ്ങ് | ബാബു ആന്റണി, കോൾക്കുന്നിൽ വീട്, കോന്നൂർ | 33.02 | 48869.6 | 38532 | 10337.6 | 15.84 | 182476.6 | 124021.8 | 58454.8 |
| 3 | വാർഡ് 16 ൽ മണ്ടിക്കുന്ന്കോട്ട കിടങ്ങ് ലിങ്ക് റോഡ് ടൈൽസ് വിരിയ്ക്കൽ | ബാബു ആന്റണി, കോൾക്കുന്നിൽ വീട്, കോന്നൂർ | 16.76 | 24804.8 | 19557.74 | 5247 | 1.5 | 17280 | 11744.49 | 5535.51 |
| 4 | വാർഡ്-13ൽ ഗോൾഡൻ നഗർ റോഡ് കോൺക്രീറ്റിംങ്ങ് | ബാബു ആന്റണി, കോൾക്കുന്നിൽ വീട്,കോന്നൂർ | 35.36 | 52332.8 | 41262.64 | 11069.36 | 16.90 | 194572.8 | 132321.25 | 62251.55 |
| 5 | വാർഡ്-17ൽ ഒരുമ ടൈൽസ് വിരിയ്ക്കൽ | ബാബു ആന്റണി, കോൾക്കുന്നിൽ വീട്,കോന്നൂർ | 49.05 | 72594 | 57237.92 | 15356 | 1.61 | 18547.2 | 12605.75 | 5941.45 |
| 6 | വാർഡ്-12ൽ നടുത്തുരുത്ത് നാലു സെന്റ് കോളനി റോഡ് കോൺക്രീറ്റിംങ്ങ് | ബാബു ആന്റണി, കോൾക്കുന്നിൽ വീട്,കോന്നൂർ | 16.8 | 24864 | 19604.42 | 5259.58 | 5.37 | 61862.40 | 42045.27 | 19817.13 |

പ്രൈസ് സോഫ്റ്റ് വെയറിന്റെ (DSR നിരക്ക്) അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന തുകയും, ഈ ഇനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ അന്തരവും ശ്രദ്ധയിൽപ്പെടുത്തി നല്കിയ 6/11.10.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഈ കാര്യത്തിൽ വിശദമായ പരിശോധനയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.6/11.10.2023)

## 1-25 ലൈഫ് മിഷൻ ലോൺ: ആകെ ലഭ്യമായ തുകയേക്കാൾ 3683/-രൂപ അധികമായി തിരിച്ചടച്ച

2022-23 വർഷത്തെ വികസനഫണ്ടിൽ നിന്നും താഴെപ്പറയുംപ്രകാരം ലൈഫ് മിഷൻ പട്ടികജാതി വിഹിതം കുറവ് ചെയ്തിട്ടുണ്ട്.

സ.ഉ. (സാധാ) 6872/2022/ധന., തി.12.10.2022, തുക – 191189/-

സ.ഉ. (സാധാ) 1049/2023/ധന., തി.13.02.2023, തുക –191189/-

------------

ആകെ-382378/-

ലൈഫ് മിഷൻ ഭവനവായ്പയായി പട്ടികജാതി വിഭാഗത്തിന് ആകെ ലോൺ ഇനത്തിൽ ലഭ്യമായ തുക 753260/-രൂപ മാത്രമാണ്. എന്നാൽ ലോൺ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം നാളിതുവരെ താഴെ പറയുന്ന വർഷങ്ങളിൽ തിരിച്ചടവ് നടത്തിയിട്ടുണ്ട്.

| വർഷം | തിരിച്ചടച്ച തുക |
|---|---|

| | (ഉറവിടത്തിൽ നിന്നും കുറവ് ചെയ്യൽ) |
|---|---|
| 2019-20 | 73529 |
| 2020-21 | 102471 |
| 2021-22 | 198565 |
| 2022-23 | 382378 |
| ആകെ | 756943 |

ആകെ ലഭ്യമായ തുകയേക്കാൾ 3683/-രൂപ അധികമായി തിരിച്ചടച്ചിട്ടുണ്ട്. സ.ഉ.കൈ.നം.11/2018/തസ്വഭവ തി.29.01.2018 ഖണ്ഡിക പ്രകാരം പട്ടികജാതി പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല. അധികമായ വിഹിതം കുറവ് ചെയ്ത കാര്യം സർക്കാരിനെ അറിയിച്ച് തുക ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .21/12.10.2023)

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. അവയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് നം./പേര് | വൗച്ചർ നം. | തുക | അപാകത |
|---|---|---|---|
| ഐ.കെ.എം വിഹിതം നൽകൽ,73/23 | 42201315/ 09.03.2022 | 29406/- | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം.ന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല . |
| എസ്.എസ്.എ. വിഹിതം നൽകൽ,72/23 | 42201053/ 24.08.2022 | 500000/- | ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്റർ, സമഗ്ര ശിക്ഷ, ചാലക്കുടിയ്ക്ക് തുക കൈമാറി.വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല . |
| വാർഡ് 16-പൊട്ടത്ത് അമ്പലം റോഡ് പോസ്റ്റ് സ്ഥാപിക്കൽ,214/23 | 42201135/ 22.02.2023 | 95006/- | KSEB, മേലൂരിന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| പൊതുടാപ്പ് വിച്ഛേദിക്കുന്നതിന് തുക അടവാക്കൽ,151/23 | 42201215/ 06.10.2022 | 500000/- | KWA,ചാലക്കുടിയ്ക്ക് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം പ്രകാരം 349132/-രൂപ മാത്രമാണ് ചെലവ്. ബാക്കി തുക150868/-തിരികെ ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. |
| പെർഫോമൻസ് യൂണിറ്റിന് വിഹിതം നൽകൽ,90/23 | 42200223/ 14.07.2022 | 30000/- | പെർഫോമൻസ് യൂണിറ്റ് , പുതുക്കാടിനാണ് തുക നൽകിയിട്ടുള്ളത്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| കെ.എസ്.ഇ.ബി.ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,180/23 | 42200627/ 19.12.2022 | 60000/- | KSEBKSEB,മേലൂരിന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

(ഓഡിറ്റ് എൻക്വയറി നം. 20 /12.10.2023)

**1-27 പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.**

വി.ഇ.ഒ, മേലൂർ (സർക്കിൾ) നടപ്പിലാക്കിയ ടോയ്ലറ്റ് പുനരുദ്ധാരണം എന്ന പ്രൊജക്റ്റിൽ ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം./പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | ഇതുവരെ നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|
| ടോയലറ്റ് പുനരുദ്ധാരണം,21/23 | 9240/- | 5000 | 14.01.2023 | കുട്ടൻ.ടി.സി |
| | | 5000 | 14.01.2023 | ലീലസുകുമാരൻ |
| | | 5000 | 14.01.2023 | അൽഫോൻസ |
| | | 5000 | 17.10.2022 | ലിസ്സി വർഗ്ഗീസ് |
| | | 5000 | 17.10.2022 | അമ്മിണി വേണു |
| | | 5000 | 17.10.2022 | ലിസ്സി ബെന്നി |
| | | 5000 | 17.10.2022 | സുനിത അശോകൻ |
| | | 5000 | 12.03.2023 | ഗീത സുനിൽ |
| | | 5000 | 12.03.2023 | വൽസല |
| | | 5000 | 12.03.2023 | സരോജിനി |
| | | 5000 | 12.03.2023 | രാഹുൽ |
| | | 5000 | 12.03.2023 | ബിന്ദു |
| | | 5000 | 12.03.2023 | ജോബി.വി.എ |
| | | 5000 | 08.12.2022 | സുമിത്ര ചന്ദ്രൻ |
| | | 5000 | 08.12.2022 | ഉഷ ചന്ദ്രൻ |
| | | 5000 | 08.12.2022 | കുട്ടപ്പൻ |
| | | 5000 | 08.12.2022 | മിനി |

(ഓഡിറ്റ് എൻക്വയറി നം. 18 /12.10.2023)

**1-28 വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല.**

വി.ഇ.ഒ, കുന്നപ്പിള്ളി (സർക്കിൾ) നടപ്പിലാക്കിയ പദ്ധതികളിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം/അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം/അറ്റകുറ്റപ്പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം./പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | ഇതുവരെ നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|
| ലൈഫ് ഭവനനിർമ്മാണം (എസ്.സി),54/23 | 400000/- | 350000 | 31.03.2023 | ശോഭന അനീഷ് |
| | | 50000 | 14.01.2022 | രജനി സത്യൻ |
| | | 40000 | 30.12.2021 | ലീല കുമാരൻ |
| | | 40000 | 17.10.2022 | സജി പള്ളിയോടത്തറ |

| | | | | |
|---|---|---|---|---|
| ലൈഫ് ഭവനനിർമ്മാണം (ജനറൽ) (55/23) | 400000/- | 40000 | 09.02.2021 | ബേബി ഷാജി (34000/-രൂപ തിരികെ അടവാക്കിയിട്ടുണ്ട്.ബാക്കി തുക 6000/-തിരികെ അടവാക്കിയിട്ടില്ല.) |
| | | 200000 | 12.03.2022 | സുനിത രാജൻ |
| വീട് വാസയോഗ്യമാക്കൽ (എസ്.സി) (60/23) | 60000/- | 25000/- | 08.12.2022 | ജ്യോതിഷ്.പി.വി |
| | | 25000/- | 20.02.2022 | രജനി അർജ്ജുനൻ |

(ഓഡിറ്റ് എൻക്വയറി നം. 19 /12.10.2023)

## 1-29 എച്ച് എം സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്

